LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ

93 [2220] ശ്രീ. സി. ടി. അഹമ്മദ് അലി:

„ ടി. പി. എം. സാഹീർ:

„ പി. കെ. കെ. ബാവ:

„ ഇ. ടി. മുഹമ്മദ് ബഷീർ:

„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഉപയോഗിക്കുന്നതിനുള്ള ടിക്കറ്റിംഗ് മെഷീൻ കെൽട്രോണിലെ ഏതെങ്കിലും കമ്പനി കുറഞ്ഞ വിലയ്ക്ക് നൽകുമോ എന്ന് ആരായുമോ;

(ബി) ഇനിയുള്ള ഓർഡർ അവർക്ക് നൽകുന്നതിനും സ്വകാര്യ കമ്പനികൾക്ക് നൽകിയിട്ടുള്ള ഓർഡർ ക്യാൻസൽ ചെയ്യുന്നതിനും നടപടിയെടുക്കുമോ?

ഉത്തരം

(എ) ഇപ്പോൾ വേണ്ടതായ മെഷീനുകൾക്ക് ഓർഡർ നൽകി കഴിഞ്ഞു. അതിനാൽ ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

(ബി) കൊടുത്തിട്ടുള്ള ഓർഡർ ക്യാൻസൽ ചെയ്യുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുണ്ട്. ഇനിയുണ്ടാകുന്ന ആവശ്യകത നോക്കി ഓർഡർ കൊടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണം

94 [2221] ശ്രീ. ടി. യു. രാധാകൃഷ്ണൻ:

„ കെ. എ. ചന്ദ്രൻ:

„ പി. ടി. തോമസ്:

„ തമ്പാനൂർ രവി:

„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യ്ക്ക് ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്ന അവസ്ഥയിലുള്ള എത്ര ബസ്സുകൾ ഉണ്ട്;

(ബി) ഓപ്പറേറ്റു ചെയ്യാൻ കഴിയാത്ത എത്ര ബസ്സുകൾ ഉണ്ട്;

(സി) ഇപ്പോൾ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ശരാശരി കാലപ്പഴക്കം എത്ര;

(ഡി) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഇന്ധന-സ്പെയർ പാർട്സ് ചെലവ് കിലോമീറ്ററിന് എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3,615 ബസ്സുകൾ.

(ബി) 935 ബസ്സുകൾ.

(സി) 7 വർഷം.

(ഡി) സ്പെയർ പാർട്സ് ചെലവ് കിലോമീറ്ററിന് 92 പൈസയും ഇന്ധന ചെലവ് കി.മീറ്ററിന് 6.59 രൂപയുമാണ്.

ബസ്സുകളുടെ എണ്ണം

95 [2222] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ, പ്രൈവറ്റ് ബസ്സുകൾ, മിനി ബസ്സുകൾ എന്നിവ ഓടുന്നുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) മിനി ബസ്സുകൾക്ക് നൽകുന്ന പെർമിറ്റ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-12-2003 വരെ 88,454 ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. ശേഷിച്ചിട്ടുള്ള കണക്കുകളും ജില്ല തിരിച്ചുള്ള കണക്കുകളും ശേഖരിച്ചു നൽകുന്നതാണ്. മിനി ബസ്സുൾപ്പെടെ ആകെ 4,550 ബസ്സുകളാണ് കെ.എസ്.ആർ.ടി.സി. ഓടിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.†

(ബി) 4 ചക്രങ്ങളുള്ള മിനി ബസ്സുകൾ കൂടുതൽ അപകടങ്ങൾക്ക് കാരണമായി തീരുന്നതിനാൽ ആയത് നിർത്തലാക്കുന്നതിന് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്.

† അനുബന്ധം VII കാണുക.

LIBRARY ARCHIVES Kerala Legislative Assembly